**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 324** **17-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന പോലീസിന്റെ തുടരന്വേഷണ മികവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ദീർഘനാളായി അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്താൻ കഴിയാതിരുന്ന കുറ്റകൃത്യങ്ങളിൽ തുടരന്വേഷണം നടത്തി പ്രതികളെ കണ്ടെത്തി നിയമത്തിന് മുന്നിൽ എത്തിച്ചതിലൂടെ കേരള പോലീസ് സേനയ്ക്ക് മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2016-ൽ മുൻ സർക്കാർ അധികാരത്തി ൽ വരുമ്പോൾ 'ലോംഗ് പെൻഡിംഗ്' (LP) ആയി മാറിയ ഗുരുതര സ്വഭാവ മുള്ളവയും, പ്രമാദമായതുമായ കേസു കളിൽ ഊർജ്ജിത അന്വേഷണം നടത്തി 155 പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്തിട്ടുള്ളതും ഇതിലൂടെ 156 കേസുകൾ കോടതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ സാധിച്ചിട്ടുള്ളതുമാണ്.<br><br>കൃത്യമായ ഇടവേളകളിൽ ക്രൈം റിവ്യൂ മീറ്റിംഗുകൾ ചേർന്ന് നടത്തിയ അവലോകന യോഗങ്ങളുടെ കൂടി ഫലമായാണ് ഇത്തരത്തിൽ കുറ്റാന്വേ ഷണ രംഗത്ത് മികവ് തെളിയിക്കാനാ യത്. ഇനിയും ഇത്തരത്തിലുള്ള കേസു കളിൽ പഴുതടച്ചുള്ള അന്വേഷണം നടത്തി പ്രതികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടി കൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | 2016-ലെ സർക്കാർ വരുന്നതിന് മുമ്പുണ്ടായിരുന്നതും അന്വേഷണത്തിൽ വേണ്ടത്ര പുരോഗതിയുണ്ടാകാതിരുന്നതും വിവാദങ്ങൾ സൃഷ്ടിച്ചതുമായ ഏതെല്ലാം കേസുകളാണ് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും | (ബി) | 2016-ലെ സർക്കാർ വരുന്നതിന് മുമ്പു ണ്ടായിരുന്നതും അന്വേഷണത്തിലുമാ യിരുന്ന പ്രമാദമായ 15 കേസുകൾ തെളിവിൽ കൊണ്ടുവരാൻ സാധിച്ചിട്ടു ണ്ട്. കേസുകളുടെ വിശദ വിവരം അനു ബന്ധം "എ" ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | കാലയളവിൽ തുടരന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | വിവിധ കുറ്റകൃത്യങ്ങളിൽ അകപ്പെട്ടവരെയും പതിറ്റാണ്ടുകളായി ഒളിവിലായിരുന്നവരെയും കണ്ടെത്തുന്നതിലും കാലഹരണപ്പെട്ടവയെന്ന് കരുതിയ കേസുകളിലെ യഥാർത്ഥവസ്തുത പുറത്തുകൊണ്ടുവരുന്നതിലും പ്രസ്തുത കാലയളവിൽ പോലീസ് കൈവരിച്ച നേട്ടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏകദേശം 36 വർഷം പഴക്കമുള്ളതുൾപ്പെടെയുള്ള 8 കേസുകളിലെ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ആയതിന്റെ വിശദാംശം അനുബന്ധം-"ബി" ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - A

**2016-ലെ സർക്കാർ വരുന്നതിന് മുമ്പുണ്ടായിരുന്നതും കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ തുടരന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളതുമായ കേസുകളുടെ വിവരങ്ങൾ**

| Sl no | Units | യൂണിറ്റ്/ പോലീസ് സ്റ്റേഷൻ | കേസ് രജിസ്റ്റർ ചെയ്ത തീയതി | പ്രതിയുടെ പേര് | വിശദ വിവരം |
|---|---|---|---|---|---|
| 1 | TVM RL | മാറനല്ലൂർ പി.എസ്. ക്രൈം നം.397/2011 U/s 57 of KP Act | 18.08.2011 | 1.മനു @ മമ്മൂട്ടി, 2.റുഖിയ | ദിവ്യമോളെയും ടിയാരുടെ മകൾ (രണ്ടര വയസ്സുള്ള) ഗൗരിയേയും കാണാതായ കേസിലേക്ക് 25.07.2012-ൽ UN-ആയി റിപ്പോർട്ട് ബഹു കോടതിയിൽ സമർപ്പിച്ചിരുന്നു.<br>തുടരന്വേഷണത്തിൽ കൊലപാതകമാണെന്ന് തെളിയുകയും 1ഉം 2ഉം പ്രതികളെ അറസ്റ്റ് ചെയ്ത് 26.05.2023-ൽ കാട്ടാക്കട JFMC-1-ൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. നിലവിൽ CP-48/2023 വിചാരണയിലാണ്. |
| 2 | PTA | പത്തനംതിട്ട പി.എസ് ക്രൈം നം.645/2004 U/s 308, 454, 457, 461, 201, 34 IPC | 2004 | 1. രാജൻ, കുറിച്ചിമുട്ടം, കിടങ്ങലൂർ വില്ലേജ് 2. സുരേഷ്, കൊട്ടുമൺ വില്ലേജ് | 2004-ൽ പത്തനംതിട്ട പി.എസിൽ നടന്ന മോഷണ കേസിലെ ഫിംഗർ പ്രിന്റുകളുടെ പരിശോധനാ ഫലം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രതികളെ അറസ്റ്റ് ചെയ്ത് 24.02.2022-ൽ ടി പ്രതികൾക്കെതിരെ കുറ്റപത്രം ബഹു കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. |
| 3 | | തിരുവല്ല പി.എസ് ക്രൈം നം.630/2005 U/s 454, 461, 380 IPC | 2005 | രമേഷ് .ആർ | 2005-ൽ പത്തനംതിട്ട ജില്ലയിൽ നടന്ന മോഷണ കേസിലെ പ്രതിയുടെ ഫിംഗർ പ്രിന്റ് 2023-ലെ മലപ്പുറത്തെ കോട്ടയ്ക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം നം.1501/23 കേസിലെ പ്രതിയുടേതുമായി ശാസ്ത്രീയ പരിശോധനയിൽ തെളിഞ്ഞതിൽ 05.03.2024-ൽ ടി പ്രതിക്കെതിരെ കുറ്റപത്രം ബഹു കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. |
| 4 | KTM | പാലാ പി.എസ്. ക്രൈം നം.403/2008 U/s 450, 376 IPC & Sec 3(i)(xi) of SC/ST PoA Act | 2008 | യാഹ്യാഖാൻ, വിഴിഞ്ഞം | 2008-ലെ ബലാത്സംഗ കേസിലെ പിടികിട്ടാപ്പുള്ളിയെ UAE- യിൽ നിന്നും കേരള പോലീസ് പിടികൂടിയിട്ടുള്ളതാണ്.<br>തിരുവനന്തപുരം ജില്ലയിൽ, വിഴിഞ്ഞം വില്ലേജിൽ, പീർമുഹമ്മദ് മകൻ യാഹ്യാഖാൻ Age 28/08 നെ UAE യിൽ നിന്നും ഇന്റർപോളിന്റെ സഹായത്തോടെ 23.03.2024-ന് കേരളാ പോലീസ് പിടികൂടിയിട്ടുള്ളതാണ്. |

| | | | | | |
|---|---|---|---|---|---|
| 5 | EKM RL | ഞാറക്കൽ പി.എസ് ക്രൈം നം.240/22 U/s 57 of KP Act | 19.02.2022 | സജീവ്, എടവനക്കാട് | ഭാര്യ രമ്യയുടെ തിരോധാനം സമ്പന്ധിച്ച് ഭർത്താവ് സജീവിന്റെ പരാതിയിൽ നടത്തിയ അന്വേഷണത്തിൽ തെളിവുകൾ ലഭ്യമാകാത്തതിനാൽ 27.06.2022- ൽ കേസ് ഡിസ്ട്രിക് ക്രൈം ബ്രാഞ്ചിന് കൈമാറി.<br>തുടർന്ന് വളരെ വിശദമായും രഹസ്യമായും ശാസ്ത്രീയ തെളിവുകളും സാക്ഷിമൊഴികളെയും അപഗ്രഥിച്ച് നടത്തിയ അന്വേഷിച്ചതിൽ പ്രതിയായ ഭർത്താവിനെതിരെ19.06.2023-ൽ ബഹു. കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. |
| 6 | | കുറുപ്പംപടി പി. എസ് ക്രൈം നം.909/2016 U/s 342, 449, 376, 376 (A), 201, 302 IPC Sec. 3(i)(w), (i)(II), 3(2), (v), SC/ST PoA | 28.04.2016 | അമീറുൽ ഇസ്ലാം (ആസം സ്വദേശി) | കോളിളക്കം സൃഷ്ടിച്ച ജിഷ കൊലക്കേസിൽ ശാസ്ത്രീയ/സാങ്കേതിക തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രതി ആസം സ്വദേശിയാണെന്നത് വെളിവാകുകയും 16.06.2016-ൽ തമിഴ്നാട് നിന്നും അറസ്റ്റ് ചെയ്തിട്ടുള്ളതും 12.12.2017-ൽ ബഹു. കോടതിയിൽ കുറ്റപത്രം സമർപ്പിട്ടുള്ളതുമാണ്. ടി പ്രതിക്ക് ബഹു. കോടതി വധശിക്ഷ വിധിച്ച് ഉത്തരവായിട്ടുണ്ട്. |
| 7 | KKD C | നല്ലളം പി. എസ് ക്രൈം നം. 232/13 U/s 457, 380, 461, IPC cl 21(i)(ii) | 10.05.2013 | 1.സുബീഷ് എം, മണ്ണൂർ<br>2.അഭിൻ ഗണേഷ് | 2013-ലെ കേസിലേക്ക് പ്രതിയെ സംബന്ധിച്ച വിവരങ്ങളൊന്നും ലഭിച്ചിരുന്നില്ല. എന്നാൽ 2017-ൽ ഫറോക്ക് പി.എസ് ക്രൈം നം.473/2017 പ്രകാരം രജിസ്റ്റർ ചെയ്ത കേസിലെ ശാസ്ത്രീയ പരിശോധനാ ഫലം ലഭിച്ചതിൽ 2013-ലെ കേസിലെ പ്രതിയുടെ ഫിംഗർ പ്രിന്റുമായി സാമ്യം ഉണ്ടെന്ന റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി കേസിലെ പ്രതികൾക്കെതിരെ 15.11.2024-ൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്. |

| | | | | | |
|---|---|---|---|---|---|
| 8 | KKD RL | കോടഞ്ചേരി പി.എസ് ക്രൈം നം.189/2011 U/s 174 CrPC (കൂടത്തായി കൊലകൾ) | 2011 | ജോളി ജോസഫ് | 2011-ൽ രജിസ്റ്റർ ചെയ്ത കേസിൽ വിഷാംശം ഉള്ളിൽ പോയി മരണപ്പെട്ടതായി അറിവായതിനാലും മറ്റ് സംശയങ്ങൾ ആർക്കും ഇല്ലാതിരുന്നതിനാലും ആത്മഹത്യ ആയി റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ 2002 മുതൽ 2016 വരെ സമാന രീതിയിലുണ്ടായ 6 മരണങ്ങൾ സംബന്ധിച്ച അന്വേഷണം നടത്തിയതിൽ 8 വർഷങ്ങൾക്ക ശേഷം 2019-ൽ ടി കേസ് കൊലപാതകമാണെന്ന് കണ്ടെത്തിയിട്ടുള്ളതും പ്രതിയെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്തിട്ടുള്ളതും, പ്രതിക്കെതിരെ കുറ്റപത്രം തയ്യാറാക്കി ബഹു കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. |
| 9 | KSGD | കാസർഗോഡ് പി. എസ് ക്രൈം നം.1011/12 U/s 57 of KP Act. | 21.08.2012 | 1. സക്കീന<br>2. ഉമ്മർ | മനോരോഗിയും നിരവധി ഭൂസ്വത്തുക്കളുടെ ഉടമയുമായിരുന്ന മുഹമ്മദ് കുഞ്ഞി എന്നയാളിന്റെ തിരോധാനം സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ 2018-ൽ കൊലപാതകം ആണെന്ന് തെളിയുകയും 31.07.2019-ൽ ബഹു കോടതയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. |
| 10 | CB KLM | CB Crime No. 184/CB/KLM&PTA/2016, (ശാസ്താംകോട്ട PS Cr.1054/2015) U/s 498 (A), 364, 302 IPC | 19.06.2015 | അബ്ദുൾ ഷിഹാബ് | ഷെജീറയെ കൊലപ്പെടുത്തിയത് ഭർത്താവാണെന്ന് ശാസ്ത്രീയ തെളിവ് ശേഖരണത്തിലൂടെ തെളിയുകയും 09/08/2023-ൽ പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്. കേസ് അന്വേഷണാവസ്ഥയിലാണ്. |
| 11 | CB PTA | CB Crime No. 03/CB/KLM&PTA/07 (കോയിപ്രം പോലീസ് സ്റ്റേഷൻ ക്രൈം 163/2006) U/s 302, 201 IPC | 18.01.2007 | ജനാർദ്ദനൻ നായർ | രമാദേവിയെ ക്രൂരമായി കൊലപ്പെടുത്തിയ കേസിൽ ഭർത്താവ് പ്രതിയാണെന്ന് കണ്ടെത്തിയതിൽ 11.07.2023-ൽ അറസ്റ്റ് ചെയ്ത് ബഹു. കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്. കേസ് അന്വേഷണാവസ്ഥയിലാണ്. |

| | | | | | |
|---|---|---|---|---|---|
| 12 | CB ALPY | CB Crime No. 165/CB/ALP/R/2013 (നൂറനാട് പോലീസ് സ്റ്റേഷൻ ക്രൈം 846/2013) U/s 302 IPC | 26.08.2013 | പ്രമോദ് | ഇർഷാദിന്റെ കൊലപാതക കേസിൽ, ഒളിവിൽ പോയ പ്രതിയെ 8 വർഷത്തിന് ശേഷം 29.06.2021-ൽ തമിഴ് നാട്ടിലെ തിരുപ്പൂർ വെച്ച് സാഹസികമായി പിടികൂടി അറസ്റ്റ് ചെയ്തിട്ടുള്ളതും അന്വേഷണം പൂർത്തിയാക്കി പ്രതിക്കെതിരെ കുറ്റപത്രം ബഹു.മാവേലിക്കര അഡീ. സെഷൻസ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും 31.07.2023-ൽ ടി പ്രതിയെ ജീവപര്യന്തം തടവിന് ശിക്ഷിച്ച് ഉത്തരവായിട്ടുള്ളതുമാണ്. |
| 13 | CB EKM | CB എറണാകുളം CB Crime No. 241/CB/EKM/04, (കളമശ്ശേരി PS Cr.182/04) U/S 449, 302 & 392 IPC | 01.09.2004 | ജയാനന്തൻ | ജയിലിൽ വച്ച് സഹതടവുകാരനോട് പ്രതി നടത്തിയ കുറ്റ സമ്മത മൊഴിയുടെ അടിസ്ഥാനത്തിൽ എറണാകുളത്ത് ഇരട്ട കൊലപാതകം നടത്തിയ പ്രതി റിപ്പർ ജയാനന്തനെ ഈ കേസിലേക്ക് 27.12.2021 തീയതി അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. അന്വേഷണം പൂർത്തിയാക്കി Factual report draft charge എന്നിവ അനുവാദത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 14 | CB EKM | CB Crime No. 779/CB/EKM/12, (കോതമംഗലം PS CR: 507/2012) U/Sec. 449, 302, 397 IPC | 17.10.2012 | ഷാജി മോൻ കെ.എ | 2022-ലെ ക്രൈം ബ്രാഞ്ച് Cr.No.226/CB/EKM/R/22 എന്ന കേസ്സിന്റെ അന്വേഷണ വേളയിൽ കേസ്സിലെ പ്രതിയായ ഷാജി മോൻ കെ.എ നടത്തിയ കുറ്റസമ്മത മൊഴിയുടെ അടിസ്ഥാനത്തിലാണ് 2012-ൽ തന്റെ ഭാര്യ ഷോജിയെ കൊലപ്പെടുത്തിയതായി തെളിയുന്നത്. തുടർന്ന് 07.12.2023-ൽ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. കേസ്സിന്റെ അന്വേഷണം അന്തിമഘട്ടത്തിലാണ്. |
| 15 | CB ALPY | CB Cr.No.107/സി.ആർ/2015 (കരീലകുളങ്ങര പി.എസ് Cr.No.1204/15 സെക്ഷൻ.302,392,449 ഐ.പി.സി) | 13.08.2015 | സജിത്ത് ലാൽ | ജലജ വധക്കേസിന്റെ പ്രാഥമിക അന്വേഷണത്തിൽ പ്രതിയെ പറ്റി തെളിവുകൾ ലഭ്യമല്ലായിരുന്നു. പോലീസിന്റെ ഊർജിതമായ അന്വേഷണത്തിൽ ഈ കേസിലെ പ്രതി കുറ്റകൃത്യത്തിനു ശേഷം വിദേശത്തേക്ക് കടന്നതായി തെളിയുകയും പ്രതിയെ വിദേശത്തുനിന്നും നാട്ടിലേക്ക് വിളിച്ചുവരുത്തി 24.12.2017 തീയതി അറസ്റ്റ് ചെയ്തിട്ടുള്ളതും, അന്വേഷണം പൂർത്തിയാക്കി പ്രതിക്കെതിരെ കുറ്റപത്രം 12.03.2018-ൽ ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. |

അനുബന്ധം 'B'

| വിവിധ കുറ്റകൃത്യങ്ങളിൽ അകപ്പെട്ട് പതിറ്റാണ്ടുകളായി ഒളിവിലായിരുന്നവരെ കണ്ടെത്തിയതും കാലഹരണപ്പെട്ടവയെന്ന് കരുതിയ കേസുകളിലെ പ്രതികളെ നിയമത്തിന് മുന്നിൽ കൊണ്ടുവന്നതുമായ കേസുകളുടെ വിവരങ്ങൾ | | | | | |
|---|---|---|---|---|---|
| Sl no | Units | പോലീസ് സ്റ്റേഷൻ | കേസ് രജിസ്റ്റർ ചെയ്ത തീയതി | പ്രതിയുടെ പേര് | വിശദ വിവരം |
| 1 | | മാവേലിക്കര പി.എസ് ക്രൈം നം.76/1990 | 21.02.1990 | റെജി @ അച്ചാമ്മ | മാങ്കാംകുഴി കുഴിപ്പറമ്പിൽ തെക്കേതിൽ പാപ്പച്ചന്റെ ഭാര്യ മറിയാമ്മയെ കൊലപ്പെടുത്തിയ പ്രതി റെജിയെ 27 വർഷത്തിന് ശേഷം മിനി രാജു എന്ന പേരിൽ കുടുംബസമേതം താമസിച്ചുവരവെ 24.06.2023-ൽ കേരള പോലീസ് പിടികൂടി കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്. |
| 2 | ALPY | മാന്നാർ പി.എസ് ക്രൈം നം.120/2004 U/s 302, 297 IPC | 2004 | കുട്ടികൃഷ്ണൻ | 80 ദിവസത്തെ ജാമ്യത്തിൽ ഇറങ്ങി ഒളിവിൽ പോയ ജയന്തി വധക്കേസിലെ പ്രതിയെ 20 വർഷത്തിന് ശേഷം 19.10.2023-ൽ കണ്ടെത്തി അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്. 07.12.2024-ൽ ബഹു. കോടതി ടിയാന് വധശിക്ഷ വിധിച്ചിട്ടുണ്ട്. |
| 3 | | മാവേലിക്കര പി.എസ് ക്രൈം നം.33/1995 U/s 302, 34 IPC | 1995 | A2- ശ്രീകുമാർ @ ചിങ്കു. | മാവേലിക്കര പേളയിലെ ജയപ്രകാശിനെ കൊലപ്പെടുത്തിയ കേസിൽ ഒളിവിൽ പോയ 2-ാം പ്രതിയെ 27 വർഷത്തിന് ശേഷം 09.07.2023-ൽ കണ്ടെത്തി അറസ്റ്റ് ചെയ്ത് ബഹു. കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്. |
| 4 | TSR RL | മതിലകം പി.എസ് ക്രൈം നം.214/2007 U/s 143, 147, 148, 341, 324, 326, 302, 212 r/w 149 IPC & 27 of Arms Act | 28.03.2007 | A2. വിജേഷ് @ ഗണപതിയെ A5. പ്രതി ജിത്ത് @ കണ്ണൻ | കൈപ്പമംഗലത്ത് കോഴിപ്പറമ്പിൽ ഷൈൻ-നെ കൊലപ്പെടുത്തിയ കേസിൽ ഒളിവിൽ പോയിരുന്ന 2-ാം പ്രതി വിജേഷ് @ ഗണപതിയെ കണ്ണൂർ ജില്ലയിലെ ആയിക്കര തുറമുഖത്ത് നിന്ന് 06.11.2022-ലും, 5-ാം പ്രതി ജിത്ത് @ കണ്ണൻ എന്നയാളെ മഹാരാഷ്ട്ര സംസ്ഥാനത്തെ പൂനെ ജില്ലയിലെ രഞ്ജരി എന്ന സ്ഥലത്തു നിന്ന് 21.04.2023-നും പോലീസ് പിടികൂടിയിട്ടുള്ളതും ജുഡിഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചിട്ടുള്ളതാണ്. |

| | | | | | |
|---|---|---|---|---|---|
| 5 | CB KKD & WYND | CB Crime No. 47/CR/2006 U/Sec 302 IPC | 12.02.2006 | ഹനീഫ | അബ്ദുൾ കരീം കൊലപാതക കേസിലെ പ്രതി 15 വർഷത്തോളം വിദേശത്ത് ഒളിവിലായിരുന്നു. പ്രതിക്കെതിരെ റെഡ് കോർണർ നോട്ടീസ് പുറപ്പെടുവിച്ച് ഇന്റർ പോളിന്റെ സഹായത്തോടെ 12.03.2023-ൽ അറസ്റ്റ് ചെയ്ത് ബഹു. താമരശ്ശേരി ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. 04.07.2006-ൽ ടി കേസിന്റെ കുറ്റപത്രം ബഹു കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. |
| 6 | CB KKD & WYND | CB Crime No. 138/CR/2006 U/Sec 307 IPC | 15.07.2005 | അബ്ദുറഹ്മാൻ | വധശ്രമ കേസിൽ 17 വർഷത്തോളം വിദേശത്ത് ഒളിവിലായിരുന്ന പ്രതിക്കെതിരെ റെഡ് കോർണർ നോട്ടീസ് പുറപ്പെടുവിച്ച് ഇന്റർ പോളിൻെറ സഹായത്തോടെ നാട്ടിലെത്തിച്ച് ന്യൂഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിൽ വെച്ച് 06.09.2024 തീയിതി അറസ്റ്റ് ചെയ്ത് ബഹുമാനപ്പെട്ട കോഴിക്കോട് അഡീഷണൽ സെഷൻസ് III കോടതി മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. |
| 7 | CB KKD & WYND | CB Crime No. 750/CR/EOW-III/KKD /2012 (LP Case No. 04/2022) U/Sec 3, 4, 5 & 6 of PCMCS (B) Act | 19.09.2012 | രാജേന്ദ്രലിംഗം | മൊണാവി കമ്പനിയിലേക്ക് കണ്ണികളായി ആളുകളെ ചേർത്ത് ഉൽപ്പന്നങ്ങൾ വിറ്റഴിച്ച് ബിസിനസ്സ് നടത്തി ഈസി മണി സമ്പാദിക്കുന്നതിന് പ്രേരിപ്പിച്ചുകൊണ്ട് പ്രസംഗം നടത്തിയതുമായി ബന്ധപ്പെട്ട് ക്രൈ ബ്രാഞ്ച് അന്വേഷിച്ച കേസിലെ പ്രതി അമേരിക്കയിൽ ഒളിവിലാണെന്ന് കണ്ടെത്തുകയും പ്രതിയെ 27.09.2024-ൽ അറസ്റ്റ് ചെയ്ത് ബഹു: കോഴിക്കോട് CJM കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതുമാണ്. |
| 8 | CB KKD & WYND | CB Crime No. 96/CR/1988 (U/s 457,380,397,395,461 IPC) | 08.02.1988 | അബ്ദുൾ സമദ് | മോഷണ കുറ്റകൃത്യത്തിന് ശേഷം ദീർഘനാളായി ഒളിവിൽ കഴിഞ്ഞു വന്ന പ്രതിയെ 29/10/2024-ന് അറസ്റ്റ് ചെയ്ത് ബഹു: കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതുമാണ്. |